## കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# ജൈവ മനുഷ്യർ

**ഹിമാലയത്തിൽ** യതിയെത്തേടി പോകുന്നതിലും ക്ലേശകരമായ അന്വേഷണമാണ് ജൈവമനുഷ്യരെ കണ്ടെത്തുക എന്നത്. എങ്കിലും ഒഴിവാക്കാനാവാത്ത ഒരന്വേഷണമാണത്. കേരളത്തിൽ വർദ്ധിച്ചുവരുന്ന രോഗാവസ്ഥയും ആരോഗ്യവേവലാതികളും പ്രയോജനപ്പെടുത്തുന്ന ഒരു വിപണി ജൈവ ഉത്പന്നങ്ങളുടേതാണ്. ഇനി ഈ നാട്ടിൽ രാസകൃഷിയുടെ ഉത്പന്നം എന്ന ഒന്നിനെ കണികാണാൻ കഴിയില്ല. ജൈവകൃഷി അത്രമേൽ വ്യാപിച്ചതുകൊണ്ടല്ല. എല്ലാവരും എല്ലാ വിഭവങ്ങളും നാടൻ/ജൈവം എന്ന പേരിട്ടാണ് വിതരണം ചെയ്യുന്നത്.

രക്ഷാകർതൃ സംഘടനകളില്ലാതെ കേരളത്തിൽ ഉയർന്നുവന്ന അഹിംസാത്മക വിപ്ലവമാണ് ജൈവകൃഷി. സംസ്ഥാനത്തെ മിക്കവാറും ജില്ലകളിൽ ജൈവോത്പന്നശാലകൾ, മാളുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവ അതിവേഗം വന്നുകൊണ്ടേയിരിക്കുന്നു. കേരളത്തിലെ കൃഷിയിൽ നിന്നുള്ള ഉത്പന്നങ്ങളല്ല ഇവയിൽ അധികവും. മിക്കതും ദില്ലി, മഹാരാഷ്ട്ര, കർണ്ണാടക, ഗുജറാത്ത് ഉത്പന്നങ്ങളാണ്. നമ്മുടെ നാട്ടിലെ ജൈവോത്പന്നങ്ങൾക്ക് വീട്ടുപയോഗങ്ങൾക്കും നാടൻ ചന്തകൾക്കും അപ്പുറം വളരാൻ കഴിഞ്ഞിട്ടുമില്ല. ശീതകാല പച്ചക്കറികൾ വരുന്നത് മിക്കപ്പോഴും പുറമെ നിന്നാണ്. എല്ലാം വിഷമയം എന്നതിന് പകരം എല്ലാം ജൈവമയം എന്നായി മാറി.

ജൈവകൃഷിയും ജൈവോത്പന്ന വിതരണവും എല്ലാവർക്കും സ്വീകാര്യമായതാണോ സംഭവിച്ചത്? പ്രകൃതികൃഷി ചെയ്യുന്ന ഒരാളുടെ മാനസികാവസ്ഥ എങ്ങനെയാണ്? പ്രകൃതിയെ ചൂഴ്ന്നെടുക്കുക എന്ന ഹിംസാത്മകത ജൈവകൃഷി ഒഴിവാക്കി എന്നതാണ് ജൈവകൃഷിയും രാസകൃഷിയും തമ്മിലുള്ള വ്യത്യാസം. ആരോഗ്യാടിസ്ഥാനത്തിലല്ല, കരുണയുടെ അടിസ്ഥാനത്തിൽക്കൂടിയാണ് അതുള്ളത്.

ജാതീയമായ ഭേദങ്ങളും മതപരമായ വിദ്വേഷങ്ങളും പണമെറിഞ്ഞ് പണമെടുക്കുന്നതും അക്രമത്തെ ന്യായീകരിക്കുന്നതും ആയ മനുഷ്യർക്ക് പറഞ്ഞിട്ടുള്ളതാണോ ജൈവ/പ്രകൃതി കൃഷിയും ജൈവ ഉത്പന്ന വിതരണവും? പ്രകൃതിയുടെ താളങ്ങൾ അറിഞ്ഞനുഭവിച്ച് പ്രകൃതിയോടും മണ്ണിനോടും കാലാവസ്ഥയോടും സഹവർത്തിച്ച് പ്രകൃതിയുടെ വിസ്മയങ്ങളിൽ നമ്രശിരസ്കരായി ജീവിക്കുന്ന മനുഷ്യരാകാൻ ശ്രമിക്കാതെ ജൈവകൃഷിയും ജൈവോത്പന്നങ്ങളും എങ്ങനെയാണ് ജൈവമാകുക? മറ്റ് മാലിന്യങ്ങൾ ഇവയിൽ കലർന്നത് കാണേണ്ടതല്ലേ....?

ഡീപ് ഇക്കോളജി, പ്രകൃതിയുടെ ആത്മീയത, ഇക്കോ സ്പിരിച്ചാലിറ്റി തുടങ്ങിയ വിവിധ പേരുകളിൽ അറിയപ്പെടുന്ന കേരളീയമായ ഒരു ധാര നമുക്കുണ്ട്. അത് വ്യാപനം അർഹിക്കുന്നു. ജൈവകൃഷിക്കും ഉത്പന്നങ്ങൾക്കും മാത്രം പോര ജൈവമനുഷ്യർക്കും കൂടി പരിഗണന കിട്ടണം.

കേരളത്തിലും മറ്റിടങ്ങളിലും ഉയർന്നുവരുന്ന പാരിസ്ഥിതികാവബോധത്തെ മാർക്കറ്റ് ചെയ്യാൻ കോർപ്പറേറ്റുകൾ ഈ വഴിയിലൂടെ കപ്പലോട്ടിത്തുടങ്ങിയിട്ടുണ്ട്. അതിനാൽ അടുത്ത ചുവട് ജൈവമനുഷ്യ സങ്കൽപ്പത്തിലേക്ക് തന്നെയാകട്ടെ.

പാർട്ടി സമ്മേളനത്തിന് ജൈവകൃഷിയിലൂടെയുള്ള അരി, മീൻകൃഷിയിലൂടെ മത്സ്യം, കന്ന് കൃഷിയിലൂടെ മാംസം, പൂകൃഷിയിലൂട മാല...രോമാഞ്ചകഞ്ചുകമണിയാൻ ഇനി പലതും വരും. താലിബാൻ പോലും ഹരിതവത്കരണത്തിനായി വൃക്ഷത്തൈ നടുന്ന കാമ്പയിൻ നടത്തുന്നു. ഇതിൽ നിന്നും നമുക്ക് പഠിക്കാനുള്ള പാഠമെന്താണ്? ജൈവകൃഷി വ്യാപകമാകട്ടെ, ജൈവോത്പന്നങ്ങൾ എല്ലാവരിലും എത്തട്ടെ, ജൈവമനുഷ്യർ നാട്ടിൽ പെരുകട്ടെ...

എല്ലാവരും നാട്ടിൽ പരിസ്ഥിതിക്കാരാകുമ്പോൾ പരിസ്ഥിതി പ്രവർത്തകർ ഇനി ഒരു സ്വപ്നം കൂടി കൂടുതൽ കാണട്ടെ. ജൈവ-ആവാസ-ഭക്ഷണ വ്യവസ്ഥയും ജൈവ മനുഷ്യരും അതിൽ ഉണ്ടാകട്ടെ. ■

## മാധ്യമ ഫെലോഷിപ്പ് മനുജ മൈത്രിക്ക്

കേരളീയം ഏർപ്പെടുത്തുന്ന 9-ാമത് ബിജു. എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ് മനുജ മൈത്രിക്ക്. 'ഭൂമി കയ്യേറ്റങ്ങൾ കേരളത്തിന്റെ പരിസ്ഥിതിയിൽ സൃഷ്ടിക്കുന്ന ആഘാതങ്ങൾ' എന്ന വിഷയത്തെക്കുറിച്ചുള്ള പഠനത്തിനാണ് മനുജയ്ക്ക് 10,009 രൂപയുടെ ഫെലോഷിപ്പ് നൽകുന്നത്. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ രണ്ടാംവർഷ എം.എ വിദ്യാർത്ഥിനിയാണ് മനുജ മൈത്രി.

പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ് വിതരണവും ബിജു.എസ്. ബാലൻ അനുസ്മരണ പ്രഭാഷണവും ജൂൺ 28 ബുധൻ വൈകീട്ട് 5.00ന് തൃശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ വച്ച് നടന്നു. മുൻ കേന്ദ്ര ധനകാര്യ-ഊർജ്ജ സെക്രട്ടറിയും ആക്ടിവിസ്റ്റും എഴുത്തുകാരനുമായ ഇ.എ.എസ്. ശർമ്മ ബിജു. എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തി.


## കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ...

**വാർഷിക വരിസംഖ്യ (12 ലക്കം) :**

**ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ**

**വിദേശത്തേക്ക് : 1200 രൂപ.**

**കൂട്ടായ്മ അംഗത്വം : 15,000 രൂപ.**

**ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.**

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*

**കേരളീയം, കൊക്കാലെ, തൃശൂർ-680021**

ഫോൺ : 0487 2421385, 9446586943